# വിക്ടേർസ് ചാനലിൽ വന്ന മലയാളം ക്ലാസുകളുടെ ഉള്ളടക്കവും തുടർ പ്രവർത്തനങ്ങളും

## കേരളപാഠാവലി-പ്രിയദർശനം - 04

- മുൻ ക്ലാസുകളിൽ നൽകിയ രണ്ട് തുടർ പ്രവർത്തന കുറിപ്പുകൾ;

  തൻസിഹ, അതുല്യ എസ് എന്നീ കുട്ടികൾ തയ്യാറാക്കി അവതരിപ്പിക്കുന്നത് കാണിച്ചു.

- അന്യജീവനുതകി സ്വജീവിതം

ധന്യമാക്കുമമലേ വിവേകികൾ .

ആശയം വ്യക്തമാക്കി കുറിപ്പ് തയ്യാറാക്കുക ?

ഈ പ്രവർത്തനത്തെ വിലയിരുത്താനുള്ള സൂചകങ്ങൾ നൽകി.

- കാവ്യ ഭാഗത്തിന്റെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്.
- കവിയുടെ നിരീക്ഷണവുമായി ബന്ധിപ്പിച്ച് വിശകലനം ചെയ്തിട്ടുണ്ട്.
- സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.
- ആശയ വ്യക്തതയോടെ സംക്ഷിപ്തമായി അവതരിപ്പിച്ചിട്ടുണ്ട്.
- കുട്ടികൾ തയ്യാറാക്കിയ കുറിപ്പുകൾ മെച്ചപ്പെടുത്താൻ നിർദ്ദേശം നൽകി.
- പരോപകാരമിതം ശരീരം - ഭാരതീയ തത്വചിന്ത
- അവനവനാത്മസുഖത്തിനാചരിക്കുന്നവ

  അപരന്ന് സുഖത്തിനായ് വരേണം. - ശ്രീ നാരായണ ഗുരു

ഈ വരികൾ ഓർമ്മിപ്പിച്ചുകൊണ്ട് വർത്തമാന കാലഘട്ടത്തിൽ ഈ ഉപദേശങ്ങൾക്ക് വലിയ പ്രാധാന്യമുണ്ടോ എന്ന അന്വേഷണം നടത്തി.

- പ്രളയ കാലത്തും കോവിഡ് കാലത്തും , മത്സ്യത്തൊഴിലാളികൾ, നിയമപാലകർ, ആരോഗ്യപ്രവർത്തകർ , ചെറുപ്പക്കാർ തുടങ്ങിയവർ ചെയ്ത സന്നദ്ധ പ്രവർത്തനങ്ങളെ ഓർമ്മപ്പെടുത്തി.
- മറ്റുള്ളവർക്കു വേണ്ടി ജീവിതം മാറ്റിവെച്ച് സ്വന്തം ജീവിതത്തെ ധന്യമാക്കിയ ചില വലിയ മനുഷ്യരെ സ്മരിച്ചു. അവരുടെയൊക്കെ ത്യാഗത്തിന്റെ ഫലങ്ങളാണ് ഇന്നത്തെ സുന്ദരമായ ലോകത്തെ പണിതത്.
  - ഭഗത് സിംഗ്
  - മഹാത്മാഗാന്ധി
  - ജഗദീശ് ചന്ദ്രബോസ്
  - ജവഹർലാൽ നെഹ്റു
  - നെൽസൺ മണ്ടേല
  - ഫെഡറിക് ഡഗ്ലസ്
  - മാർട്ടിൻ ലൂഥർ കിംഗ് ജൂനിയർ
  - ഫിദൽ കാസ്ട്രോ
  - ചാൾസി ഡിഗോൾ
  - വില്യം വാലസ്
  - വ്ലാദമിർ ലെനിൻ
  - മദർ തെരേസ
  - ഫ്ലോറൻസ് നൈറ്റിംഗ് ഗേൽ
  - മലാല യൂസഫ് സായ്
- സ്നേഹം, ത്യാഗം, കൂട്ടായ്മ , നന്മ, നിസ്വാർത്ഥത ഇതൊക്കെയാണ് ലോകത്തെ നിലനിർത്തുന്നത്. ബൈബിളിലെ 'നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക' എന്ന വാക്യം നാം പ്രായോഗികമാക്കേണ്ട ഒരു വാക്യമാണ്.

- പ്രളയകാലത്ത് രക്ഷാപ്രവർത്തനങ്ങൾ ഏറ്റെടുത്ത മത്സ്യത്തൊഴിലാളികൾ, യുവാക്കൾ , സേനാവിഭാഗങ്ങൾ, നാട്ടുകാർ. കോവിഡ് കാലത്ത് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ആരോഗ്യപ്രവർത്തകർ ,വളണ്ടിയേഴ്സ്, പോലീസ് സേന എന്നിവർ
- കേരളം ലോകത്തിന് മാതൃക ' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക ?
- പ്രഭാഷണം തയ്യാറാക്കുന്നതിന് വിഷയം നൽകുകയും പ്രഭാഷണം തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ കുറിച്ച് വ്യക്തത വരുത്തുകയും ചെയ്തു.
- വിഷയം കൃത്യമായി മനസ്സിലാക്കുക
- പരമാവധി ആശയങ്ങൾ ഉൾക്കൊള്ളിക്കുക.
- സമകാലിക പ്രസക്തി വിശദമാക്കുക
- സ്വന്തം നിലപാട് യുക്തിഭദ്രമായി അവതരിപ്പിക്കുക
- ആശയ വ്യക്തതയോടെ ക്രമമായി കാര്യങ്ങൾ ചിട്ടപ്പെടുത്തുക.

- ജാതിക്കെതിരെ തന്റെ കവിതയിലൂടെ ആശാൻ നടത്തിയ സമരങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ട് ആശാൻ കൃതികളുടെ ചില സവിശേഷതകൾ വ്യക്തമാക്കി.
- അതത് കാലഘട്ടങ്ങളിലെ സാമൂഹ്യ പ്രശ്നങ്ങളോട് പ്രതികരിക്കുന്നവരാണ് കവികളും സാഹിത്യകാരന്മാരും .ഇന്ത്യയിലെ മുഴുവൻ മനുഷ്യരുടെയും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവും സാംസ്കാരികവുമായ സ്വാതന്ത്ര്യത്തിനു വേണ്ടിയാണ് ആശാൻ നിലകൊണ്ടത്.ആശാൻ തികഞ്ഞ സ്വാതന്ത്ര്യ വാദിയായിരുന്നു.
- ജാതീയത അനാചാരം എന്നിവയ്ക്കെതിരെ ആശാൻ കവിതകൾ രചിച്ചു.
  ചണ്ഡാലഭിക്ഷുകി,ദുരവസ്ഥ എന്നീ കാവ്യങ്ങൾ ജാതിക്കെതിരെയുള്ള ആശാൻന്റെ കാവ്യങ്ങളാണ്.
- മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ

മാറ്റുമതുകളീ നിങ്ങളെത്താൻ.

ദുരവസ്ഥ -

- ആശാന്റെ സ്നേഹസങ്കല്പം വെളിപ്പെടുന്ന കവിതകളാണ് നളിനിയും ലീലയും.
- 'മലയാള കവിതയിലെ എക്കാലത്തെയും പ്രകാശഗോപുരങ്ങളിൽ ഒന്നാണ് കുമാരനാശാൻ'
  എന്ന വിഷയത്തിൽ ഒരു കുറിപ്പ് തയ്യാറാക്കാൻ നിർദ്ദേശം നൽകി.
- എന്താണ് ഖണ്ഡകാവ്യങ്ങൾ എന്ന് പരിചയപ്പെടുത്തി.
- പ്രത്യേകതകൾ :
- അതിദീർഘം അല്ലാത്ത കൃതികൾ
- നാടകീയവും കാവ്യാത്മകവുമായ പ്രതിപാദ്യം
- ഭാവതീവ്രവും ഭാവനാത്മകവും രൂപസരളവുമായ പ്രതിപാദനം
- ഔചിത്യപൂർണമായ അലങ്കാര കല്പനയും വർണ്ണനയും .
- പരിമിതമായ കഥാപാത്ര സന്നിവേശം.
- 1895 എ ആർ രാജരാജവർമ്മ എഴുതിയ 'മലയവിലാസം ' ആണ് ആധുനിക ഖണ്ഡകാവ്യത്തിന് തുടക്കം കുറിച്ചത്.
- മലയാളത്തിലെ ലക്ഷണയുക്തമായ ആദ്യത്തെ ഖണ്ഡകാവ്യം

  'വീണപൂവ് ' ആണ് .

- ആധുനിക കവിത്രയങ്ങളിൽ പെട്ട വള്ളത്തോൾ, ഉള്ളൂർ എന്നിവരുടെ ഖണ്ഡകാവ്യങ്ങൾ പരിചയപ്പെടുത്തി.
- വള്ളത്തോൾ നാരായണ മേനോൻ

- ബന്ധനസ്ഥനായ അനിരുദ്ധൻ
- ശിഷ്യനും മകനും
- അച്ഛനും മകളും
- കൊച്ചുസീത
- മഗ്ദലനമറിയം
- ഉള്ളൂർ എസ് പരമേശ്വരയ്യർ

- പിംഗള
- ഭക്തിദീപിക
- വിദുരഭിക്ഷ
- കർണ്ണഭൂഷണം ഓണം
- നളിനിയുടെ അവതാരികയിൽ എ ആർ രാജരാജവർമ്മ എഴുതിയ ഒരു വാക്യം ശ്രദ്ധയിൽ പെടുത്തി.
- മലയാള കവിതയിൽ കാല്പനിക പ്രസ്ഥാനം വേരുറപ്പിക്കുന്നതിന്റെ മഹനീയ മാതൃകയാണ് നളിനി.
- എന്താണ് കാല്പനിക പ്രസ്ഥാനത്തിൽ ഉള്ള കാവ്യങ്ങളുടെ പ്രത്യേകത എന്ന് വിശദീകരിച്ചു.
- പരമ്പരാഗതമായ രീതികളെ മാറ്റിമറിച്ച് മനുഷ്യ ജീവിതാവസ്ഥയ്ക്കും യാഥാർത്ഥ്യങ്ങൾക്കും ഭാവനയുടെ ചിറകുകൾ നൽകുന്ന കാവ്യങ്ങളാണ് കാല്പനിക കാവ്യങ്ങൾ .

- മലയാളത്തിൽ കാല്പനിക പ്രസ്ഥാനത്തിന് തുടക്കമിട്ട കൃതി വീണപൂവ് ആണ് .
- ആശാൻ കൃതികളിലെ പ്രമേയങ്ങൾ ചുരുക്കി അവതരിപ്പിച്ചു.
- കുമാരനാശാന്റെ കൃതികളെ പരിചയപ്പെടുത്തി :

**ഖണ്ഡകാവ്യങ്ങൾ**

- ✓ വീണപൂവ്
- ✓ നളിനി
- ✓ ലീല
- ✓ ചണ്ഡാലഭിക്ഷുകി
- ✓ കരുണ
- ✓ ദുരവസ്ഥ
- ✓ പ്രരോദനം

**വിവർത്തനങ്ങൾ**

- ✓ ബുദ്ധചരിതം
- ✓ സൗന്ദര്യലഹരി
- ✓ ബാലരാമായണം ഓണം

**ലഘു കവിതകൾ**

- ✓ മണിമാല
- ✓ വനമാല
- ✓ പുഷ്പവാടി

**നാടകങ്ങൾ**

- ✓ പ്രബോധചന്ദ്രോദയം
- ✓ വിചിത്രവിജയം

നവാസ് മന്നൻ , GHSS ശ്രീകണ്ഠപുരം